പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2595 **28-10-2026-ൽ മറുപടിയ്ക്ക്**

<u>ഐ.റ്റി.ഐ. കോഴ്സുകൾ</u>

<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>

ശ്രീ. എം. എം. നസീർ

<u>മറുപടി നൽകിയ മന്ത്രി</u>

ശ്രീ. ഷിബു ബേബി ജോൺ
(വനം, വന്യജീവി - നൈപുണ്യ വികസന വകുപ്പ് മന്ത്രി)

(എ) ഐ.റ്റി.ഐ.-കളിൽ നവീന സാങ്കേതികവിദ്യ അധിഷ്ഠിതമായിട്ടുള്ള കോഴ്സുകൾ ആരംഭിക്കുന്നതിനെക്കുറിച്ച് ആലോചനയുണ്ടോ;

<u>മറുപടി:</u> സംസ്ഥാനത്തെ സർക്കാർ ഐ.ടി.ഐകളിൽ ന്യൂ ഏജ് കോഴ്സുകൾ ആരംഭിച്ചിട്ടുണ്ട്.

(ബി) നിലവിലുള്ള കോഴ്സുകളിലെ കോമ്പിനേഷനുകൾ മാറ്റം വരുത്തുന്നതിനെക്കുറിച്ച് പരിശോധിക്കുമോ;

<u>മറുപടി:</u> ഐ.ടി.ഐകളിലെ പാഠ്യപദ്ധതി, സിലബസ് എന്നിവ തയ്യാറാക്കുന്നത് കേന്ദ്ര നൈപുണ്യ വികസനവും സംരംഭകത്വവും മന്ത്രാലയത്തിന്റെ പരിധിയിൽ വരുന്ന ഡയറക്ടർ ജനറൽ ഓഫ് ട്രെയിനിംഗ് (ഡി.ജി.റ്റി) ആണ്.

(സി) വിദ്യാർത്ഥികളുടെ കുറവുകളുള്ള ബാച്ചുകൾ മറ്റ് ഐ.റ്റി.ഐ.-കളിലേക്ക് പുനർ ക്രമീകരിക്കുന്നതിനെക്കുറിച്ചും അധികബാച്ചുകൾ ഏതെങ്കിലും ഐ.റ്റി.ഐ.-കളിൽ പുതുതായി അനുവദിക്കുവാനും തീരുമാനം കൈക്കൊള്ളുമോയെന്ന് വ്യക്തമാക്കുമോ?

<u>മറുപടി:</u> പ്രസ്തുത വിഷയം വിശകലനം നടത്തുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ